(എ) ൧൯൪൦–ൽ ആകെ എത്ര പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവേതനം നൽകിയിട്ടുണ്ട്; ആകെ തുക എത്ര;

(ബി) അതിൽ ലാ കോളേജിൽ എത്രപേർക്ക് എത്രതുക വീതം, മറ്റു കോളേജുകളിൽ എത്രപേർക്ക്; എത്രതുകവീതം; ഹൈസ്കൂൾ ക്ലാസുകളിൽ എത്ര പേർക്ക്; മിഡിൽ സ്കൂൾ ക്ലാസുകളിൽ എത്രപേർക്ക്;

(സി) ൧൯൪൦–ൽ വിദ്യാർത്ഥിവേതനം നൽകിയതിൽ കൊച്ചിൻ വിഭാഗത്തിൽപ്പെട്ടവർക്കും തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ടവർക്കും വല്ല വ്യത്യസ്ത പരിഗണനകളും സ്വീകരിച്ചുവന്നോ; ഉണ്ടെങ്കിൽ എന്ത്?

ഉത്തരം.

(എ) ൧൯൪൦–൪൧ വിദ്യാഭ്യാസവർഷത്തിൽ ഉദ്ദേശം ൨൫,൦൦൦ പിന്നോക്ക സമുദായവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ചെലവായ തുക ഉദ്ദേശം ൪,൭൫,൦൦൦ രൂപാ ആയിരുന്നു.

(ബി) ൧. അതിൽ ലാ കോളേജിൽ പഠിച്ചിരുന്നവരുടെ എണ്ണം ൧൫. നൽകിയിരുന്ന സ്റ്റൈപ്പൻഡ് പ്രതിമാസം ൪൫ രൂപാ.

൨. മറ്റു കോളേജുകളിൽ പഠിച്ചിരുന്നവർ

(എ) സംസ്ഥാനത്തിനുള്ളിൽ

വിദ്യാർത്ഥികളുടെ എണ്ണം ൨൭൭

നൽകിയിരുന്ന സ്റ്റൈപ്പൻഡ് പ്രതിമാസം ൪൫ രൂപാ.

(ബി) സംസ്ഥാനത്തിനു പുറമെ

വിദ്യാർത്ഥികളുടെ എണ്ണം ൨൫

നൽകിയിരുന്ന സ്റ്റൈപ്പൻഡ് ഒരാൾക്കു പ്രതിമാസം ൧൫൦ രൂപാ. മറ്റേയാൾക്ക് പ്രതിമാസം ൪൫ രൂപാ.

൩, ൪. ഹൈസ്കൂൾ ക്ലാസുകളിലും മിഡിൽ ക്ലാസുകളിലുംകൂടി പഠിച്ചിരുന്നവരുടെ എണ്ണം ഉദ്ദേശം ൧൩,൦൦൦

(സി) കഴിഞ്ഞ സ്കൂൾ വർഷത്തിൽ പ്രൈമറി സ്കൂളുകളെ സംബന്ധിച്ചു മാത്രമാണ് ഒരു വ്യവസ്ഥ രീതി സ്വീകരിക്കേണ്ടിവന്നതു്. തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പ്രൈമറി സ്കൂളുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് അവക്കാവശ്യമുള്ള പാഠപുസ്തകങ്ങളും സൗജന്യമായി കൊടുത്തു. കൊച്ചി വിഭാഗത്തിൽപ്പെട്ട പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്ക് രണ്ടരരൂപാ മുതൽ നാലര രൂപാ വരെയുള്ള ഗ്രാൻറുകളും നൽകപ്പെട്ടു.

സഹകരണവകുപ്പു രജിസ്ട്രാർ

൧൩. (൧) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തുള്ള സഹകരണവകുപ്പു രജിസ്ട്രാർ ശ്രീ. നാരായണമേനോനെപ്പറ്റി എന്തെങ്കിലും പരാതി ഗവൺമെൻറന്വേഷണത്തിനു വിധേയമായി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടന്നിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly